(ബി) & (സി) ഈ പണികൾ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് മാത്രമേ നടപ്പിലാക്കാൻ നിർവ്വാഹമുള്ളൂ.

സംസ്ഥാനത്തുള്ള തണ്ണീർത്തടങ്ങൾ

49 [3302] *ഡോ. തോമസ് ഐസക്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുള്ള തണ്ണീർ തടങ്ങൾ ഏതെല്ലാമെന്നും അവ ഓരോന്നിന്റെയും വിസ്തീർണ്ണം എത്രയെന്നും വ്യക്തമാക്കുമോ;

(ബി) ഓരോ തണ്ണീർ തടത്തിന്റെയും സംരക്ഷണം ലക്ഷ്യമാക്കിയുള്ള പരിപാലന കർമ്മ പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത കർമ്മ പദ്ധതികളുടെ ഒരു പകർപ്പ് ലഭ്യമാക്കുമോ;

(സി) ഓരോ കർമ്മ പദ്ധതിയും നടപ്പിലാക്കുവാൻ ആവശ്യമായ തുക എത്രവീതമെന്ന് വ്യക്തമാക്കുമോ; ധനസഹായത്തിനുവേണ്ടി ഏതൊക്കെ പദ്ധതികൾ ഏതൊക്കെ ഏജൻസികൾക്ക് നൽകിയെന്നും വ്യക്തമാക്കുമോ;

(ഡി) ഇവയിൽ ഏതൊക്കെ പദ്ധതികൾക്ക് അംഗീകാരം ലഭിച്ചുവെന്നും എന്തു തുകയുടെ അംഗീകാരമാണ് ഓരോ പദ്ധതിക്കും ലഭിച്ചതെന്നും വിശദമാക്കുമോ;

(ഇ) കർമ്മപദ്ധതി അനുസരിച്ച് ഓരോ തണ്ണീർ തടത്തിലും എന്തൊക്കെ പ്രവർത്തനങ്ങൾ എന്നുമുതൽ ആരംഭിച്ചുവെന്നും എന്തു തുക വീതം 2004-2005 വരെ ചെലവഴിച്ചുവെന്നും വിശദമാക്കുമോ;

(എഫ്) സംരക്ഷണ-പരിപാലന കർമ്മപദ്ധതികൾക്കുവേണ്ടി കേന്ദ്ര സർക്കാരിൽ നിന്നും അംഗീകരിക്കപ്പെട്ട തുക എത്രയെന്നും, ഇതിൽ എന്തുതുക നാളിതുവരെ ലഭിച്ചുവെന്നും വ്യക്തമാക്കുമോ;

(ജി) കേന്ദ്രസർക്കാർ അനുവദിച്ച പണം പൂർണ്ണമായും നേടിയെടുക്കാൻ സർക്കാരിന് സാധിച്ചിട്ടില്ലെങ്കിൽ അതിനുള്ള കാരണങ്ങൾ വിശദമാക്കുമോ;

(എച്ച്) തണ്ണീർ തടങ്ങൾ നിയമപരമായി അംഗീകാരമുള്ള സംരക്ഷിത മേഖലയാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതിനുള്ള നടപടികൾ നിലവിൽ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) — (എച്ച്) തണ്ണീർത്തടങ്ങളുടെ സംരക്ഷണ പരിപാലന കർമ്മ പദ്ധതികൾ ഇപ്പോൾ ജലവിഭവവകുപ്പ് നേരിട്ട് ഏറ്റെടുത്ത് നടത്തുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly